## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1928 04.12.2018 ൽ മറുപടിയ്ക്ക്**

**<u>ആർ.ടി.ഒ സേവനങ്ങൾ ഓൺലൈൻ വഴി ആക്കാൻ നടപടി</u>**

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർ.ടി.ഒ. സേവനങ്ങൾ ഓൺലൈൻ വഴി ആക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | (എ) | നിലവിൽ മോട്ടോർ വാഹന വകുപ്പിന്റെ പ്രധാന സേവനങ്ങൾ എല്ലാം തന്നെ ഓൺലൈനിൽ ലഭ്യമാണ്. നിലവിൽ വകുപ്പിന് ഓൺലൈൻ സംവിധാനം ഉണ്ടെങ്കിലും ഓഫീസിലെ പ്രവർത്തനങ്ങൾ നടക്കുന്ന സോഫ്റ്റ് വെയർ "client server" മാതൃകയിലാണ് പ്രവർത്തിക്കുന്നത്. കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ 'vahan sarathi' എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ സൗകര്യങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളത്; ഇതിന്റെ സേവനങ്ങൾ കേരളത്തിലെ മുഴുവൻ ആർ.ടി.ഒ. കളിലും എന്നുമുതൽ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | 'sarathi' ആർ.ടി.ഒ. ദേശസാൽകൃത വിഭാഗം, ആർ.ടി.ഒ. ആലപ്പുഴ, സബ് ആർ.ടി.ഓഫീസ് കരുനാഗപ്പള്ളി എന്നിവിടങ്ങളിലാണ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. 10 ഓഫീസുകളിൽകൂടി കഴിഞ്ഞ മാസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. മറ്റിടങ്ങളിലേയ്ക്കും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുന്നതാണ്. നിലവിൽ പുതിയ അപേക്ഷകളാണ് ഇത് വഴി സ്വീകരിക്കുന്നത്. വാഹൻ സോഫ്റ്റ് വെയറും പരീക്ഷണ ഘട്ടത്തിലാണ്. അപാകതകൾ പരിഹരിച്ച് ഈ സോഫ്റ്റ് വെയറും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ